64-ാമത് കേരള സ്കൂൾ കലോത്സവം
പ്രോഗ്രാം കമ്മിറ്റി

Item Code: 643 Participant Code: 032

# നിർമ്മിതബുദ്ധി: സർഗ്ഗാത്മകതയോ സംഹാരമോ ?

നിർമ്മിതബുദ്ധി ലോകം ഭരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. ദിനംപ്രതി നിർമ്മിതബുദ്ധി നമ്മുടെ ജീവിതത്തിൽ വഹിക്കുന്ന പങ്ക് വർധിച്ചുവരുകയാണ്. മനുഷ്യൻ അവന്റെ ജോലികൾ എളുപ്പമാക്കാൻ കമ്പ്യൂട്ടറുകളുടെയും സോഫ്റ്റ്‌വെയറുകളുടെയും സഹായത്തോടെ നിർമ്മിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിതബുദ്ധി മനുഷ്യന് ദോഷകരമായും മാറിക്കൊണ്ടിരിക്കുകയാണ്.

നിർമ്മിതബുദ്ധിയെ മനുഷ്യൻ രണ്ടായി തരംതിരിച്ചാണ് ഉപയോഗിച്ചിരുന്നത്. ആദ്യം വീക്ക് എ.ഐ എന്ന പേരിൽ ഒരു പ്രത്യേക ജോലി മാത്രം ചെയ്തുതരുന്ന

64-ാമത് കേരള സ്കൂൾ കലോത്സവം
തീയതി...................
പ്രോഗ്രാം കമ്മിറ്റി

64-ാമത് കേരള സ്കൂൾ കലോത്സവം
2026 ജനുവരി 14 - 18 - തൃശ്ശൂർ

രീതിയിലായിരുന്നു സൃഷ്ടിച്ചിരുന്നത്. പിന്നീട് അത് സ്ട്രോങ് എഐ-യുടെ കണ്ടുപിടിത്തത്തിലേക്ക് വഴി തെളിച്ചു. സ്ട്രോങ് എഐ പൊതു-പോലെതന്നെ ഏത് ജോലിയും നിമിഷങ്ങൾകൊണ്ട് ചെയ്തുതീർക്കുന്ന രീതിയിലായിരുന്നു.

- <u>നിർമ്മിതബുദ്ധിയുടെ ഗുണങ്ങൾ</u>

നിർമ്മിതബുദ്ധി മാനവരാശിയുടെ മഹത്തരമായ കണ്ടുപിടിത്തമാണ്. മനുഷ്യനെക്കാൾ വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ള മനുഷ്യനിർമ്മിത ബുദ്ധി. ജോലിഭാരം കുറയ്ക്കാനും, മനുഷ്യന് അസാധ്യമായ കാര്യങ്ങൾ ചെയ്യാനുമുള്ള പ്രാപ്തി നിർമ്മിത ബുദ്ധിക്ക് ഉണ്ട്. ഇതുതന്നെയാണ് നിർമ്മിതബുദ്ധിയുടെ ഏറ്റവും വലിയ സവിശേഷതകളിൽ ഒന്ന്.

പഴയകാലത്ത് സംശയനിവാരണത്തിന് പുസ്തകങ്ങളെല്ലാം നോക്കി സമയമെടുത്ത് കണ്ടുപിടിക്കേണ്ട സാഹചര്യമായിരുന്നു. എന്നാൽ നിർമ്മിതബുദ്ധിയുടെ വരവോടെ വിദ്യാർത്ഥികൾക്ക് ഏത് സമയവും അവരുടെ സംശയം നിമിഷങ്ങൾക്കുള്ളിൽ മാറ്റാൻ നിർമ്മിതബുദ്ധിയിലൂടെ സാധിക്കുന്നു.

ഇന്ന് വിദ്യാലയങ്ങളിൽ പോലും നിർമ്മിതബുദ്ധി ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ചില സ്കൂളുകളിലും എ.ഐ അധ്യാപികകൾ, നിർമ്മിതബുദ്ധിയുടെ സഹായത്തോടെ പാഠങ്ങൾ പഠിക്കാനുള്ള സൗകര്യങ്ങൾ കൂടാതെ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. വരുംതലമുറയുടെ ജോലിസാധ്യത നിർമ്മിതബുദ്ധി കാരണം കുറയുന്നു.

നമ്മുടെ മൊബൈൽ ഫോണുകളിൽ പോലും നിർമ്മിതബുദ്ധി വലിയതോതിലുള്ള മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ചാറ്റ് ജിപിടി, ജെമിനി, ഗൂഗിൾ എ.ഐ തുടങ്ങിയ നിർമ്മിത്ബുദ്ധിയിൽ അധിഷ്ഠിതമായ ആപ്പുകളിലൂടെ നമ്മുടെ ഇഷ്ടാനുസരണം ചിത്രങ്ങൾ നിർമ്മിക്കാനും നമ്മുടെ ഭാവനക്കും ചിന്തയ്ക്കും അനുസരിച്ചുള്ള കാര്യങ്ങൾ ദൃശ്യമായി നമ്മളിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

മെറ്റ എ.ഐയിലൂടെ നിർമ്മിതബുദ്ധിയെ നമുക്ക് ഒരു കൂട്ടുകാരനായി കണ്ട സംസാരിക്കാനും നമ്മുടെ വിഷമങ്ങളും കാര്യങ്ങളും പങ്കുവെയ്ക്കാനും സാധിക്കുന്നു. ഇങ്ങനെ നിർമ്മിത ബുദ്ധി അനുദിനം ജീവിതത്തിലെ സമസ്ത മേഖലകളെയും കൈയ്യടക്കിക്കൊണ്ടി-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

-രിക്കുകയാണ്. ഇത്തരത്തിൽ മനുഷ്യ നിർമ്മിതമായ ഒരു വസ്തു മനുഷ്യനേക്കാൾ വേഗത്തിലും ബുദ്ധിയിലും കാര്യങ്ങൾ ചെയ്യുന്നത് നമ്മുടെ ശാസ്ത്രത്തിന് ഒരു നാഴികകല്ല് തന്നെയാണ്.

വിദ്യാഭ്യാസം മാത്രമല്ല ബഹിരാകാശം, തൊഴിൽ, സമൂഹമാധ്യമങ്ങൾ, തുടങ്ങി എല്ലാ മേഖലകളിലേക്കും പടർന്നു പന്തലിച്ചിരിക്കുകയാണ് നിർമ്മിതബുദ്ധി.

- <u>നിർമ്മിതബുദ്ധി സൃഷ്ടിക്കുന്ന ദോഷങ്ങൾ</u>

ഒരു നാണയത്തിന് ഇരുവശങ്ങൾ ഉള്ളതുപോലെ ഒട്ടേറെ ഗുണങ്ങൾ ഉണ്ടെങ്കിലും നമ്മുടെ സർഗ്ഗാത്മക സൃഷ്ടിയായ നിർമ്മിത ബുദ്ധി നമ്മുടെ സംഹാരകനായും

മാറുന്നു. ഏതൊരു കണ്ടുപിടിത്തത്തിനും ഗുണങ്ങൾ ഉള്ളതുപോലുള്ള ദോഷങ്ങളും ഉണ്ടാകാറുണ്ട്.

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഇത്രയധികം ഉപകാരപ്രദമായ നിർമ്മിതബുദ്ധി ഉണ്ടാക്കുന്ന ദോഷങ്ങൾ വലുതാണ്. ഉണ്ടാകുന്ന ദോഷങ്ങൾ വളരെ വലുതാണ്.

മനുഷ്യർ തങ്ങൾക്കുവേണ്ടി നിർമ്മിച്ച നിർമ്മിതബുദ്ധി മനുഷ്യന് തന്നെ വിനയായി ഭവിച്ചിരിക്കുകയാണ്. കാര്യങ്ങൾ വേഗത്തിൽ എളുപ്പം ചെയ്തുതീർക്കാൻ കഴിവുള്ളതുകൊണ്ട് മനുഷ്യനെക്കാൾ പ്രാധാന്യം നിർമ്മിതബുദ്ധിക്ക് നൽകുകയും അങ്ങനെ മനുഷ്യനെ തൊഴിലില്ലായ്മയിലേക്ക് നയിക്കുകയും ചെയ്യുന്നു.

എന്തിനും ഏതിനും പുസ്തകങ്ങളിൽ നിന്ന് അകന്ന് നിർമ്മിതബുദ്ധിയെ മാത്രം ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ തലച്ചോറിനെ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയില്ല. ഇന്ന് കഷ്ടപ്പെട്ട് തങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആരും ശ്രമിക്കുന്നില്ല. ഇത് അവരെ മടിയന്മാരാക്കി മാറ്റുന്നു. ഇന്നത്തെ കുട്ടികളാണ് നാളത്തെ ഭാവി വാഗ്ദാനങ്ങൾ. അങ്ങനെയുള്ളവർ സ്വന്തമായി കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ ലഭിക്കുന്ന ആനന്ദവും ഉള്ളിലെ ആകാംക്ഷയും നഷ്ടപ്പെട്ട് ജീവിക്കുന്നത് ~~രാജ്യത്തിൽ~~ രാജ്യത്തിന്റെ പുരോഗതിയെയും ബാധിക്കുന്നു.

നിർമ്മിതബുദ്ധിയുമായുള്ള

ഇടപെടലിലൂടെ കുടുംബബന്ധങ്ങളിൽ നിന്ന് അകലുന്ന പ്രവണത -

കൂടുകയും പരസ്പരസ്നേഹവും കരുതലുമെല്ലാം ഇല്ലാതാവുകയും ചെയ്യുന്നു.

നിർമ്മിതബുദ്ധിയിലൂടെ ഇഷ്ട-അനുസൃതമായ ചിത്രങ്ങൾ നിർമ്മിച്ച് അത് കണ്ട് ആനന്ദം കണ്ടെത്തുമ്പോൾ അത് ഒരു ചതിക്കുഴിയാണെന്ന് പലരും തിരിച്ചറിയുന്നില്ല.

വികാരവിചാരങ്ങൾ ഒന്നുമില്ലാത്ത മനുഷ്യനിർമ്മിതിയാണ് നിർമ്മിതബുദ്ധി അതുകൊണ്ട് അത് വരുത്തുന്ന വിനാശം ചെറുതല്ല. അധ്യാപകരും കുട്ടികളും തമ്മിൽ നേരിട്ട് പറഞ്ഞ് കാര്യങ്ങൾ മനസ്സിലാക്കുന്നതുപോലെ ആ തീവ്രതയോടെ നമുക്ക് കാര്യങ്ങൾ പഠിപ്പിക്കാനുള്ള കഴിവ് നിർമ്മിതബുദ്ധിക്ക് ഉണ്ടാകില്ല.

ഇത്തരത്തിൽ മനുഷ്യ-മസ്തിഷ്കത്തിൽ ഉദിച്ച ശാസ്ത്ര-സാങ്കേതികതയുടെ മഹത്തരമായ കണ്ടുപിടിത്തമായ നിർമ്മിത-ബുദ്ധിക്ക് മനുഷ്യന് സർഗാത്മകത നൽകാനും അവന്റെ സംഹാരകനാകാനും സാധിക്കും.

- നിർമ്മിതബുദ്ധി ഉയർത്തുന്ന പ്രധാന വെല്ലുവിളികൾ.

നിർമ്മിതബുദ്ധി ഉയർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികളിൽ ഒന്നാണ് തൊഴിൽ ഇല്ലായ്മ, അതോടൊപ്പം കുടുംബബന്ധങ്ങളുടെ ഉഷ്മളത നഷ്ടപ്പെടുത്തുന്നു. മനുഷ്യന്റെ വികാരവിചാരങ്ങളെയും ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

• നിർമ്മിതബുദ്ധി സമൂഹത്തിൽ വഹിക്കുന്ന പങ്ക്

നിർമ്മിതബുദ്ധി സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ് പ്രത്യേകിച്ചും കുട്ടികൾ ഇന്ന് നിർമ്മിതബുദ്ധിയുടെ യുഗത്തിലാണ് ജീവിക്കുന്നത്.

പ്രാചീനകാലത്ത് മാതാപിതാക്കളെയും അധ്യാപകരെയും ഏത് കാര്യത്തിനും ആശ്രയിച്ചിരുന്ന നമ്മുടെ പൂർവ്വികർ ജീവിച്ചിരുന്ന യുഗത്തിൽ നിന്നും ആധുനിക യുഗത്തിൽ എത്തിയപ്പോൾ ഏതു കാര്യത്തിനും നിർമ്മിതബുദ്ധിയെ ആശ്രയിക്കുന്നവരായി മാറിയിരിക്കുകയാണ് നമ്മുടെ കുട്ടികൾ.

കോവിഡ് മഹാമാരിക്കാലത്ത് കുട്ടികളെ അടിമയാക്കി മാറിയ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മൊബൈൽ ഫോണിലൂടെ അവർ നിർമ്മിതബുദ്ധി ഭരിക്കുന്ന യുഗത്തിൽ മാതാപിതാക്കളെയും അധ്യാപകരെയും സ്വന്തമായും മറന്ന് ജീവിക്കുകയാണ് നമ്മുടെ കുട്ടികൾ.

ഇങ്ങനെ നമ്മുടെ ജീവിതത്തിലെ സംഹാരകനായി മാറികൊണ്ടിരിക്കുകയാണ് നിർമ്മിതബുദ്ധി. നിർമ്മിതബുദ്ധിയുടെ വരവോടെ ഒരു കമ്പനിയിലെ അഞ്ഞൂറിൽ അധികം തൊഴിലാളികൾക്ക് ജോലി നഷ്ടമായ വാർത്ത പത്രത്താളുകളിൽ വളരെ ശ്രദ്ധേയമായിരുന്നു. മനുഷ്യൻ അവന്റെ ബുദ്ധിശക്തി കൊണ്ട് ഇത്തരമൊരു കണ്ടുപിടിത്തം നടത്തുമ്പോൾ ഒരിക്കലും അവന് ഇതൊരു വിനയായി മാറുമെന്ന് വിചാരിച്ചിട്ട് ഉണ്ടാകില്ല.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 643 Participant Code: 032

ആധുനികയുഗത്തിൽ മനുഷ്യന്റെ കണ്ടുപിടിത്തങ്ങൾ റോക്കറ്റ് പോലെ കുതിച്ചുയരുകയാണ്. മനുഷ്യൻ അവന്റെ ബുദ്ധികൊണ്ട് ശാസ്ത്ര സാങ്കേതികവിദ്യയിൽ തുടങ്ങി വിവിധ മേഖലകളിൽ ധാരാളം കണ്ടുപിടിത്തങ്ങൾ നടത്തി. അതിലെ ഏറ്റവും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചതായിരുന്നു നിർമ്മിത ബുദ്ധിയുടെ കണ്ടുപിടിത്തം.

~~അതിൽ സർഗ്ഗാ~~

മനുഷ്യൻ അവന്റെ സർഗ്ഗാത്മകത ലക്ഷ്യം കണ്ട് നടത്തിയ കണ്ടുപിടിത്തമായിരുന്നു നിർമ്മിതബുദ്ധി. എന്നാൽ ചില സന്ദർഭങ്ങളിലും അവനത് സംഹാരകനായി മാറിയിരിക്കുകയാണ് അതിനാൽ നിർമ്മിതബുദ്ധിയെ നമ്മുക്ക് സർഗ്ഗാത്മതയായും സംഹാരകനായും ദർശിക്കാം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 643 Participant Code: 032

വേണ്ടരീതിയിൽ ദോഷങ്ങളെ
മാറ്റിനിർത്തി അതിന്റെ ഗുണങ്ങളെ
മാത്രം ഉപയോഗപ്രദമാക്കുന്ന
രീതിയിൽ നമ്മുടെ സർഗ്ഗാത്മകത-
യാക്കി മാറ്റാനുള്ള കഴിവ് മനുഷ്യന്
ഉണ്ട്. അതിനാൽ മനുഷ്യൻ
സൃഷ്ടിച്ചതിനെ വേണ്ടവിധത്തിൽ
ഉപയോഗിക്കുകയും അത് ഫല
പ്രദമാക്കിത്തീർക്കുകയും ചെയ്യുമെന്ന്
പ്രത്യാശിക്കാം.... നിർമ്മിത
ബുദ്ധി സർഗ്ഗാത്മകതയോ -
സംഹാരമോ എന്ന ചോദ്യത്തിന്റെ
മറുപടിയാണ് മനുഷ്യന്റെ നിർമ്മിത-
ബുദ്ധിയെ വികസിപ്പിക്കാനുള്ള
കഴിവ് ആ കഴിവ് കൊണ്ടുതന്നെ
മനുഷ്യൻ അതിനെ സർഗ്ഗാത്മ-
കതയാക്കി തീർക്കും....

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).